FAX

21 JUL 2018

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - ഡോ.എം.എൻ.ഗീത, സീനിയർ കൺസൾട്ടന്റ് (ഒ&ജി), സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് - ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ)നം.2334/2018/ആ.കു.വ. തിരുവനന്തപുരം, തീയതി, 21.07.2018

പരാമർശം:- 1) സ.ഉ (കൈ) നം.331/2010/ആകുവ തീയതി 12.07.2010.

2) സ.ഉ (സാധ) നം.661/2016/ആകുവ തീയതി 27.02.2016.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.04.2018-ലെ ഇ.എ.1 93250/2017/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ 2010-ൽ കേഡർ സംവിധാനം നിലവിൽ വന്നപ്പോൾ, സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ നൽകിയവരുടെ സ്ഥാനക്രമം അനുസരിച്ച് അസിസ്റ്റന്റ് സർജനായിരുന്ന ഡോ.എം.എൻ.ഗീതയെ (Sl.No.54) ഗൈനക്കോളജി വിഭാഗത്തിലെ നിലവിലുള്ള കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേക്ക് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിച്ചു. കൺസൾട്ടന്റ് തസ്തികയിലെ താൽക്കാലിക ഉദ്യോഗക്കയറ്റം ക്രമപ്പെടുത്താതെതന്നെ പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ.എം.എൻ.ഗീത-യെ സീനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് താൽക്കാലികമായിതന്നെ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയുണ്ടായി. എന്നാൽ ഡോ.ഗീത.എം.എൻ പ്രവേശന തസ്തികയായ അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റ്; ഉദ്യോഗക്കയറ്റ തസ്തികകളായ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് തസ്തികകളിലെ നിയമനം ക്രമപ്പെടുത്തി നിരീക്ഷണകാല സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, ടിയാരി 2011 മുതൽ 2017 വരെയുള്ള സെലക്ട് ലിസ്റ്റുകളിലൊന്നും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഡോ.എം.എൻ.ഗീതയെ പ്രവേശന തസ്തികയായ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് റിവർട്ട് ചെയ്യണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 3-ലെ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ

താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ ജോലി നോക്കി വരുന്ന ഡോ.എം.എൻ.ഗീതയെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേക്ക് റിവർട്ട് ചെയ്ത് ഉത്തരവാകുന്നു. ഡോ.എം.എൻ.ഗീതയ്ക്ക് അവർ ഇപ്പോൾ ജോലി നോക്കുന്ന കോഴിക്കോട് ജില്ലയിൽ തന്നെ ഉചിതമായ നിയമനം, ഒഴിവുള്ള പക്ഷം നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറിന് നിർദേശം നൽകുന്നു.

3) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവുകൾ വെബ് സൈറ്റിൽ *പി.ഡി.എഫ്* രൂപത്തിൽ പ്രസിദ്ധീകരിക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി,**

**ഡെപ്യൂട്ടി സെക്രട്ടറി.**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്.
ഡോ.എം.എൻ.ഗീത, സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ; ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-93250/17/ആ.വ.ഡ തീയതി 23.07.2018**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**